വേറൊരു കാര്യം, ഒറിജിനൽ ബില്ലിൽ ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. ഉദാഹരണത്തിന്, മന്ത്രി ഗംഗാധരനെതിരായി നിരവധി ആരോപണങ്ങൾ ഈ നിയമസഭയിൽ ഉയർന്നുവന്നതാണ്. അതുപോലെതന്നെ എക്സൈസ് മന്ത്രിയെസംബന്ധിച്ചും നിരവധി ആരോപണങ്ങൾ ഈ നിയമസഭയിൽ ഉയർന്നു വന്നു. അങ്ങനെ ആരോപണങ്ങൾ നിയമസഭയിലോ പൊതു വേദികളിലോ ഉയർന്നുവരുമ്പോൾ ഗവൺമെന്റിന് ഇതു സംബന്ധിച്ച് കമ്മിഷന് റഫർ ചെയ്യാൻ ഒറിജിനൽ ബില്ലിൽ ഒരു വ്യവസ്ഥ ഉണ്ടായിരുന്നു. ആ വ്യവസ്ഥ നീക്കിയത് തെറ്റായിപ്പോയി എന്നാണ് ഇപ്പോൾ അഴിമതി നിരോധന കമ്മിഷൻ ഗവൺമെന്റിലേക്ക് എഴുതിയിരിക്കുന്നത്. ആ പ്രസക്തമായ ഭാഗം കൂടി ഞാൻ വായിക്കാം.

The Kerala Public Men (Prevention of Corruption) Bill, 1983 as orginally introduced in the Legislative Assembly contained a provision crabling the Government to refer any allegation against a publicman, brought to its notice, to the Commission for investigation. This clause did not find a place in the law as finally passed in the Assembly. It is proposed that the following new provision may be inserted in the Act as Section 8A. 8 എ ആയിട്ട് ചേർക്കണം. അങ്ങനെയൊരു പ്രൊവിഷൻ വന്നാൽ നിയമസഭയിൽ എഴുതിക്കൊടുത്ത് ഉന്നയിക്കുന്ന ആരോപണങ്ങൾ കമ്മിഷന് റഫർ ചെയ്യാൻ ഗവൺമെന്റ് ബാദ്ധ്യസ്തമാണ്. ബോധപൂർവ്വമാണ് ആ വ്യവസ്ഥ ഗവൺമെന്റ് എടുത്തുകളഞ്ഞത്.

മി. സ്പീക്കർ: ശ്രീ. വർക്കല രാധാകൃഷ്ണൻ അടുത്ത ആഴ്ച തുടരാം.

6. 1985-ലെ കേരള സഹകരണസംഘങ്ങൾ (ഭേദഗതി) ബിൽ

ശ്രീ. പി. സി. ജോർജ്: ഈ ബില്ല് ഞാൻ കഴിഞ്ഞ വെള്ളിയാഴ്ച അവതരിപ്പിച്ചതാണ്. എന്നെ തല്ലുരുതപ്പ ഞാൻ നന്നാവുകയില്ല എന്നു പറഞ്ഞതുപോലെ ഏത് ബില്ല് കൊണ്ടുവന്നാലും ഈ രാജ്യത്തെ ജനങ്ങൾക്ക് ആവശ്യമുള്ള എന്തു നിയമം കൊണ്ടുവന്നാലും സമ്മതിക്കുകയില്ലായെന്നുപറയുന്നത് ശരിയല്ല. ഞാൻ ഈ ബില്ലിൽ വളരെ വളരെ നിസ്സാരമായ ഒരു കാര്യമാണ് പറയുന്നത്. ഒരു സഹകരണ ബാങ്കിലേക്ക് തെരഞ്ഞെടുപ്പ് നടന്ന് ഡയറക്ടർ ബോർഡ് മെംബറായി തെരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ ആ ബോർഡ് മെംബർ ഏതെങ്കിലും പാവപ്പെട്ട ഒരുത്തന് ഐ ആർ. ഡി. പി. ലോണിനോ മറ്റോ ജാമ്യം നിന്നുപോയി എന്നിരിക്കട്ടെ അങ്ങനെ സഹായമായി ജാമ്യം നിന്നുകഴിഞ്ഞാൽ ആ പാവപ്പെട്ടവൻ മൂന്നുമാസക്കാലത്തേക്ക് ബാങ്കിലേക്ക് അടക്കാനുള്ള പണം അടയ്ക്കാതിരുന്നാൽ ആ ജാമ്യം നിന്ന ബോർഡ് മെമ്പറുടെ ഡയറക്ടർ ബോർഡ് സ്ഥാനം നഷ്ടപ്പെടുകയാണ്. എനിക്ക് അതിനോട് എതിരില്ല. പക്ഷേ ഒരൊറ്റ അമെൻഡ്മെന്റ് മാത്രമേ വരുത്തുന്നുള്ളു. അതായത് ഏതെങ്കിലുമൊരു ബോർഡ് മെംബർ ജാമ്യംനിന്ന് കടമെടുത്ത ആൾ തിരിച്ചടച്ചില്ലായെങ്കിൽ, താങ്കൾ ജാമ്യം നിന്ന് കടമെടുത്തതുക തിരിച്ചടയ്ക്കാത്തതു കാരണം താങ്കളുടെ ബോർഡ് മെംബർസ്ഥാനം നഷ്ടപ്പെടാൻ പോവുകയാണെന്ന് ഒരു രജിസ്റ്റർ നോട്ടീസ് അയച്ചതിനുശേഷം ആ രജിസ്റ്റർ നോട്ടീസ് കിട്ടി പതിനഞ്ച് ദിവസത്തിനകം ആ ഡ്യൂസ് ക്ലിയർ ചെയ്യുന്നില്ലായെങ്കിൽ അദ്ദേഹത്തിന്റെ ബോർഡ് മെംബർ സ്ഥാനം നഷ്ടപ്പെടട്ടെയെന്നാണ് എന്റെ കാഴ്ചപ്പാട്.

ശ്രീ. പി. കെ. പത്മനാഭൻ: സർവ്വീസ് സഹകരണ സംഘങ്ങളിലേക്ക് ഗവൺമെന്റ് നോമിനിയായി വരുന്ന മിക്കവാറും ആളുകളും മറ്റ് സഹകരണ സംഘങ്ങളിൽ ഓവർഡ്യൂസുള്ള ആളുകളാണെന്ന്. ബഹുമാനപ്പെട്ട മെംബർക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: അത് ഞാൻ എങ്ങനെയാണ് പറയുന്നത്. കമലേട്ടത്തിയെ മണിയടിച്ച് എങ്ങനെയെങ്കിലും ഈ ബില്ല് പാസ്സാക്കി എടുക്കാൻ പറ്റുമോയെന്നാണ് ഞാൻ നോക്കുന്നത്. ഞാനും മന്ത്രിയുമായി അടിയുണ്ടാക്കുന്ന കാര്യം അതിനിടയ്ക്കു ചോദിച്ച് നിങ്ങൾ ബുദ്ധിമുട്ടിക്കരുത്. വളരെ നിസ്സാരമായ ഒരു കാര്യമാണ് ഞാൻ ഈ സഭയിൽ ബില്ലായി കൊണ്ടുവന്നത്. അങ്ങനെ നിസ്സാരമായ ഒരു മാറ്റം വേണമെന്ന് ഞാൻ ഗവൺമെൻറിന്റെ മുമ്പിൽ ഉന്നയിച്ചിട്ട്, എന്തുകൊണ്ടാണെന്ന് അറിയുകയില്ല, കമലേട്ടത്തി ഒബ്ജക്ട് ചെയ്യുന്നുവെന്നു പറയുന്നത്. അത് ശരിയല്ല. കമലേട്ടത്തിയോട് വല്ല ഉദ്യോഗസ്ഥൻമാരും അതിനെതിരായി പറഞ്ഞിട്ടുണ്ടെങ്കിൽ, ആ ഉദ്യോഗസ്ഥൻമാർ കമലേട്ടത്തിയെ ചുറ്റിക്കാൻ വേണ്ടി ചെയ്യുന്ന വേലയാണെന്നു മനസ്സിലാക്കിക്കൊണ്ട്, ഞങ്ങൾ എം. എൽ. എ. മാർ കമലേട്ടത്തിക്ക് സിന്ദാബാദ് വിളിച്ചവരും കൈ പൊക്കിയവരുമാണെന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് ഈ നിയമം അംഗീകരിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പി. സി. ജോർജിന് അടുത്ത ആഴ്ച തുടരാം.

(3) അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം

1. 1985-ലെ കേരള ഭവന നിർമ്മാണ സഹകരണസംഘം ബിൽ

ശ്രീ. എം. എം. ഹസ്സൻ: 1985-ലെ കേരള ഭവനനിർമ്മാണ സഹകരണ സംഘം ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): സർ ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: ഇത് എന്നോടുവേണമോ. എം. വി. രാഘവനെപോലെയും കാനം രാജേന്ദ്രനെപ്പോലെയും അപകടകാരിയൊന്നുമല്ല ഞാൻ. ഈ ഗവൺമെൻറിന് യാതൊരു കുഴപ്പവും ഉണ്ടാക്കുന്ന ആളല്ല ഞാൻ. താങ്ങുന്നവരെ തലോടുകയല്ലാതെ തഴയാമോ? കേരളത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ വേണ്ടി കഴിഞ്ഞ 15 കൊല്ലമായി ശ്രമിച്ചുവരുന്ന കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷന്റെയും 200-ഓളം വരുന്ന പ്രാഥമിക ഭവന നിർമ്മാണ സഹകരണസംഘങ്ങളുടേയും പ്രവർത്തനം ശക്തിപ്പെടുത്താനും അതിനെ നിയന്ത്രിക്കാനും അതിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും വേണ്ടിയുള്ള ഒരു ഒറിജിനൽ ബില്ലാണ് ഞാൻ അവതരിപ്പിക്കുന്നത്. ഇതിനെ എന്തിനാണ് ഗവൺമെൻറ് എതിർക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

ശ്രീ. ടി. കെ. ഹംസ: അങ്ങ് ഈ ഗവൺമെൻറിന് ഒരു ബുദ്ധിമുട്ടും ഉണ്ടാക്കുകയില്ലായെന്നു പറഞ്ഞു. അങ്ങ് എവിടെ പോയാലും കമിഴ്ന്നേ വീഴുകയുള്ളൂ, തഞ്ചത്തിനനുസരിച്ച് നിൽക്കും എന്നല്ലേ അതിന്റെ അർത്ഥം?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ നിങ്ങളെപ്പോലെയല്ല. ഭാഗ്യത്തിനോ നിർഭാഗ്യത്തിനോ ഞാൻ രണ്ടു തവണയും ഭരണ പക്ഷത്തായിരുന്നു. ഗവൺമെൻറിനെ തലോടലാണ് എന്റെ ജോലി. എം. വി. രാഘവന്റെയോ കാനം രാജേന്ദ്രന്റെയോ ബില്ലിനെ എതിർക്കുന്നതുപോലെ കമലേട്ടത്തി ഒറ്റ വാചക

LIBRARY ARCHIVES Kerala Legislative Assembly